ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: സിലബസ് തയ്യാറാക്കിയ ശേഷമേ റീ ഓറിയെന്റേഷൻ കോഴ്സ് കൊടുക്കേണ്ടതുള്ളൂ എന്നാണ് ഗവൺമെന്റിന്റെ നിലപാട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ബുദ്ധിമുട്ട് അതുകൊണ്ട് ഉണ്ടാകുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. ആർ. സുന്ദരേശൻ നായർ: സർ, കാലഘട്ടത്തിന് അനുയോജ്യമായി ഒരു പുതിയ വിദ്യാഭ്യാസ നയം ഉരുത്തിരിച്ചുകൊണ്ട് അതിന് അനുയോജ്യമായ രീതിയിലാണോ സിലബസ് പരിഷ്കരിക്കുന്നത് അതോ ഇന്നുള്ള നയത്തിന് അനുയോജ്യമായ രീതിയിൽ ഒരു മാറ്റം മാത്രം നടത്തിയിട്ടാണോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: സർ, നമുക്ക് ഒരു ദേശീയ വിദ്യാഭ്യാസ നയമുണ്ട്. അതിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടാണ് സിലബസ് പരിഷ്കരിക്കുന്നത്.

ശ്രീ. ഇ. പി. ഗോപാലൻ: സിലബസ്സിന്റെ കുഴപ്പമല്ല അതനുസരിച്ചു പഠിപ്പിക്കേണ്ട അദ്ധ്യാപകരിൽ ഏറിയ കൂറും അതനുസരിച്ചു പഠിപ്പിക്കാൻ കഴിവില്ലാത്തവരാണെന്നുള്ളതാണു വിഷയമെന്നും അതിനു വേണ്ട പരിഹാര മാർഗ്ഗങ്ങളാണ് തേടേണ്ടതെന്നും പറഞ്ഞാൽ ഗവൺമെന്റ് അനുകൂലിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: അതാണ് റീ ഓറിയെന്റേഷൻ കോഴ്സിനെപ്പറ്റി പറഞ്ഞത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: നമ്മുടെ സംസ്ഥാനത്തിലും ഇൻഡ്യയൊട്ടാകെ ദേശീയ നിലവാരത്തിലും ജീവിച്ചിരുന്നിട്ടുള്ള പ്രഗൽഭൻമാരായ നേതാക്കൻമാരുടേയും രാജ്യ തന്ത്രജ്ഞൻമാരുടേയും ജീവചരിത്രങ്ങൾ പഠിപ്പിക്കുന്നുണ്ട്. കേരളത്തിലും ജീവിച്ചിരുന്നിട്ടുള്ള മഹാൻമാരായ ആളുകളുടെ ജീവചരിത്രം ഒരു പോളിസി എന്ന നിലയിൽ നമ്മുടെ വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനു ഗവൺമെന്റിന് എന്താണ് ബുദ്ധിമുട്ട്; അതിനെക്കുറിച്ചാലോചിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: മറ്റു സംസ്ഥാനങ്ങളിൽ മഹാൻമാരുടെ ജീവചരിത്രം പഠിപ്പിക്കുന്നുണ്ടോ എന്നു നോക്കിയിട്ടില്ല. ദേശീയാടിസ്ഥാനത്തിലുള്ള മഹാൻമാരുടെ ജീവചരിത്രമാണ് പഠിപ്പിക്കാറ്.

സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ ശമ്പള വർദ്ധനവ്

*317 [334] ശ്രീ. പി. ആർ. കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തെപ്പറ്റി റിപ്പോർട്ടു ചെയ്യാൻ നിയുക്തമായ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചുവോ;

(ബി) എങ്കിൽ റിപ്പോർട്ടിൽ എല്ലാ കമ്മിറ്റി മെമ്പർമാരും എല്ലാ പേജിലും ഒപ്പിട്ടിട്ടുണ്ടോ;

(സി) റിപ്പോർട്ടു മേശപ്പുറത്തു വയ്ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ):

(എ) സമർപ്പിച്ചു.

(ബി) ഹാജരായിരുന്ന എല്ലാ കമ്മിറ്റി മെമ്പർമാരും റിപ്പോർട്ടിൽ ഒപ്പിട്ടിട്ടുണ്ട്. എന്നാൽ എല്ലാ പേജിലും ഒപ്പിട്ടിട്ടുള്ളതായി കാണുന്നില്ല. കൂടാതെ അനുബന്ധത്തിൽ ആരും ഒപ്പിട്ടിട്ടില്ല.

(സി) റിപ്പോർട്ടിലെ ഉള്ളടക്കത്തെക്കുറിച്ച് ഒരു പരാതി ലഭിച്ചിട്ടുള്ളതിൻമേൽ നടപടി എടുത്തുകൊണ്ടിരിക്കുന്നതിനാൽ ഇപ്പോഴം റിപ്പോർട്ടു മേശപ്പുറത്തു വയ്ക്കുന്നില്ല.

ശ്രീ. പി. ആർ. കുറുപ്പ്: ചില പേജുകളിൽ ഒപ്പിട്ടിട്ടില്ലെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ആ പേജുകളിലാണ് ശമ്പള സ്കെയിലിനെ സംബന്ധിച്ചുള്ള വ്യക്തമായ കണക്കുകളുള്ളത് എന്നതു ശരിയാണോ?

ശ്രീ. ബേബിജോൺ: ശമ്പളസ്കെയിൽ അനുബന്ധം 2-ൽ ആണ്. അനുബന്ധത്തിൽ ആരും ഒപ്പിട്ടിട്ടില്ല.

ശ്രീ. പി. ആർ. കുറുപ്പ്: അനുബന്ധത്തിൽ മാത്രം ഒപ്പിടാതിരുന്നതിനു കാരണമെന്താണെന്ന് അന്വേഷിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ബേബിജോൺ: കിട്ടിയ പരാതിയെപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. വി. രാഘവൻ: ഒപ്പിടാത്ത റിപ്പോർട്ട് ഇപ്പോഴം റിപ്പോർട്ടായിട്ട് അംഗീകരിക്കുന്നുണ്ടോ? എന്താണതിന്റെ സ്ഥിതി? അംഗീകരിക്കുന്നുണ്ടെങ്കിൽ അത് ആരുടെ റിപ്പോർട്ടാണ്?

ശ്രീ. ബേബിജോൺ: ഒപ്പിട്ടിട്ടില്ലെന്നു ഞാൻ പറഞ്ഞില്ല. എല്ലാ പേജിലും ഒപ്പിട്ടിട്ടില്ലെന്നു മാത്രമേയുള്ളു.

ശ്രീ. എം. വി. രാഘവൻ: ആ കമ്മിറ്റിക്കാരുടെ റിപ്പോർട്ടായിരുന്നെന്നു ഗവൺമെന്റ് അംഗീകരിച്ചു കഴിഞ്ഞു എന്നാണോ മനസ്സിലാക്കേണ്ടത്?

ശ്രീ. ബേബിജോൺ: റിപ്പോർട്ട് അതേപടി അംഗീകരിച്ചു; യാതൊരു മാറ്റവും വരുത്താതെ. ഒരു കമ്മിറ്റിയെ നിയമിച്ച ശേഷം കമ്മിറ്റി അതിനെപ്പറ്റി വിശദമായ പഠനം നടത്തിയ ശേഷം പിന്നീട് ഒരു ഭേദഗതി വരുത്തുന്നതു ശരിയല്ലെന്നു ഗവൺമെന്റിനു തോന്നിയതുകൊണ്ട് കമ്മിറ്റിയുടെ റിപ്പോർട്ട് അതേ പടി ഗവൺമെന്റ് അംഗീകരിച്ചു.

ശ്രീ. കെ. അനിരുദ്ധൻ: ചില പേജുകളിൽ മാത്രം ഒപ്പിടാൻ വിട്ടുപോയി എന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഒപ്പിട്ട പേജുകളിലെ നിർദ്ദേശങ്ങളം നടപ്പിലാക്കുന്നതു പോലെ തന്നെ ഒപ്പിടാത്ത പേജിലെ നിർദ്ദേശങ്ങളും നടപ്പിലാക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ബേബിജോൺ: തെറ്റിദ്ധാരണയാണ്. വലിയ റിപ്പോർട്ടാണ്. അതിന്റെ എല്ലാ പേജിലും എല്ലാവരും ഒപ്പിട്ടിട്ടില്ലെന്നേഞാൻ പറഞ്ഞതിന് അർത്ഥമുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അവസാനത്തെ പേജിൽ എല്ലാവരും ഒപ്പിട്ടാൽ മതി.

ശ്രീ. ബേബിജോൺ: അവസാന പേജിൽ ഉണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ: ഓരോ പേജിലും ഒപ്പിടുന്നതും ചില പേജിൽ ഒപ്പിടുന്നതും തമ്മിലുള്ള വ്യത്യാസം എന്താണെന്നു മനസ്സിലായില്ല.....

മി. സ്പീക്കർ: ആർഡർ ആർഡർ.

നിർബന്ധിത നിക്ഷേപപദ്ധതി പ്രകാരമുള്ള തുക

*318 [335] ശ്രീ. തോമസ് ജോസഫ്:

ശ്രീ. വി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെങ്കിലും വിദ്യാഭ്യാസ ജില്ലയിൽ അദ്ധ്യാപകർക്ക് നിർബന്ധിത നിക്ഷേപ പദ്ധതി പ്രകാരമുള്ള തുക മടക്കി കൊടുക്കാതുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാരണമെന്ത്?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ.സി. എച്ച്. മുഹമ്മദ് കോയ): സർ, (എ,ബി) അപേക്ഷിച്ചിട്ടുള്ള അർഹതയുള്ളവർക്കെല്ലാം തുക മടക്കി കൊടുക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആർക്കെങ്കിലും തുക മടക്കിക്കിട്ടാതെയുണ്ടോ എന്ന വിവരം ഗവൺമെന്റിന്റെ പക്കൽ ഇല്ല.

ശ്രീ. തോമസ് ജോസഫ്: പ്രളയബാധിത പ്രദേശങ്ങളിൽ, ചില പ്രത്യേക ജില്ലകളിൽ, പ്രത്യേക പരിഗണന വച്ചുകൊണ്ട് ഡി. ഇ. ഓ. മാരിൽ ചിലർ അദ്ധ്യാപകർക്കു സി. ഡി. കൊടുക്കാതിരിക്കുന്നതായി ഗവൺമെന്റിനു പരാതി കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ നടപടി എടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: മൂന്നു ഡിസ്ട്രിക്റ്റുകളിൽ നിന്ന് പരാതി കിട്ടിയിട്ടുണ്ട്. പാലക്കാട്, ആറ്റിങ്ങൽ, പത്തനംതിട്ട.

ശ്രീ. വി. ജെ. ജോസഫ്: കമ്പൽസറി ഡിപ്പോസിറ്റു പ്രകാരം തുക പിരിക്കുന്നതിനു യാതൊരു കാലതാമസവും ഉണ്ടായിരുന്നില്ല. പക്ഷേ മടക്കിക്കൊടുക്കുന്നതിനെ സംബന്ധിച്ചു പരിഗണിക്കാൻ അപേക്ഷകരും ചെന്നപ്പോഴും പലപ്പോഴും ഇതിനു സമയമില്ലെന്നു പറഞ്ഞു. ഡി. ഇ. ഓ. ആഫീസുകളിൽ മനഃപൂർവ്വം വച്ചു താമസിപ്പിക്കുന്നതിനെപ്പറ്റി പല സ്ഥലങ്ങളിലും പരാതിയുണ്ടായിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: മൂന്നു ജില്ലകളിൽനിന്നു പരാതിയുണ്ടായിട്ടുണ്ടെന്നു ഞാൻ പറഞ്ഞു. സത്വരമായ നടപടികളും സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly